**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 229** **08-08-2023 - ൽ മറുപടിയ്ക്ക്**

**ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ താത്ക്കാലിക ജീവനക്കാരുടെ മിനിമം വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിലും വിവിധ സർക്കാർ പ്രോജക്ടുകളിലും താത്ക്കാലികമായി നിയമിക്കുന്ന ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ എന്നിവർക്ക് നിലവിൽ നിശ്ചയിച്ചിട്ടുള്ള പ്രതിമാസ വേതനം നൽകി വരുന്നുണ്ടോ; പ്രതിമാസ വേതനം എത്രയാണെന്ന് അറിയിക്കാമോ; | (എ) | ആരോഗ്യവകുപ്പിൽ നാഷണൽ ഹെൽത്ത് മിഷൻ മുഖാന്തരം താൽക്കാലികമായി നിയമിക്കുന്ന ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ ജീവനക്കാർക്ക് ഗവ. ഓഫ് ഇന്ത്യ വർഷംതോറും ആർ.ഓ.പി പ്രകാരം അനുവദിക്കുന്ന ശമ്പളം ആണ് നൽകി വരുന്നത്. ആയത് പ്രകാരം പ്രതിമാസ വേതനം 17,000 രൂപയാണ്.<br><br>ആശുപത്രി വികസന സമിതി മുഖാന്തരം താൽക്കാലികമായി നിയമിക്കുന്ന ജീവനക്കാർക്ക് ഓരോ സ്ഥാപനത്തിന്റെയും എച്ച്.എം.സി വരുമാനത്തിനനുസൃതമായിട്ടാണ് വേതനം നൽകി വരുന്നത്.<br><br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ലാബ് ടെക്നീഷ്യൻ തസ്തികയിലെ ജീവനക്കാർക്ക് 11.02.2021ലെ സ.ഉ (പി) നം. 29/2021/ധന ഉത്തരവ് പ്രകാരമുള്ള 850/- രൂപ ദിവസവേതനനിരക്കിലുള്ള വേതനമാണ് നൽകിവരുന്നത്. |
| (ബി) | ഈ വിഭാഗം ജീവനക്കാർക്ക് സർക്കാർ നിശ്ചയിക്കുന്ന മിനിമം വേതനം ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ നടപടി സ്വീകരിക്കുമോ? | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ